**<u>നിയമസഭാ സമിതി തേടിയിട്ടുള്ള റിപ്പോർട്ട്/വളരെ അടിയന്തരം</u>**

<u>ഭരണ ഭാഷ മാതൃഭാഷ</u>

ഇ.മെയിൽ : dir.dme@kerala.gov.in, dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

---

**നമ്പർ.കെ4/4354/2024/ മെ.വി.വ.** **തീയതി: 12-07-2024**

സ്വീകർത്താവ്,

പ്രിൻസിപ്പാൾ,
സർക്കാർ മെഡിക്കൽ കോളേജ് ,
തിരുവനന്തപുരം/ കൊല്ലം/ ഇടുക്കി/ പത്തനംതിട്ട/ കോട്ടയം/ ആലപ്പുഴ/ എറണാകുളം/ തൃശൂർ/ മലപ്പുറം/ കോഴിക്കോട്/ കണ്ണൂർ/ വയനാട്/കാസറഗോഡ്

സർ/മാഡം,

വിഷയം: മെ.വി.വ -ജനറൽ -കേരള നിയമസഭയുടെ ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി -വിവിധ വകുപ്പുകളിലെ വകുപ്പ് തല ഔദ്യോഗിക ഭാഷ സമിതികളുടെ പ്രവർത്തനം -സംബന്ധിച്ച്

സൂചന : 1.സ.ഉ (കൈ) നം.42/2014/ഉ.ഭ.പ.വ തീയ്യതി:12/12/20214
2.08/07/2024 തീയതിയിലെ എൻ 2/105/2023/ആരോഗ്യം നമ്പർ സർക്കാർ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം എല്ലാ വകുപ്പുകളിലും, വകുപ്പുതല മേധാവി അദ്ധ്യക്ഷനായുള്ള ഒദ്യോഗിക ഭാഷ സംബന്ധിച്ച വകുപ്പുതല ഏകോപന സമിതിയും, വകുപ്പിലെ ജില്ലാതല മേധാവി അദ്ധ്യക്ഷനായുള്ള ജില്ലാതല ഓദ്യോഗിക ഭാഷാ സമിതിയും' രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത സമിതികൾ രൂപീകരിച്ചുകൊണ്ടുള്ള നടപടി ക്രമങ്ങളുടെ പകർപ്പും, ടി സമിതികളുടെ നാളിതു വരെയുള്ള പ്രവർത്തനം സംബന്ധിച്ച വിശദവിവരങ്ങളും എത്രയും വേഗം

ലഭ്യമാക്കണമെന്ന് സൂചന (2) പ്രകാരം സർക്കാർ നിർദേശം ലഭ്യമായിട്ടുണ്ട്. ആയതിനാൽ താങ്കളുടെ കാര്യാലയത്തിന് കീഴിൽ പ്രസ്തുത സമിതികൾ രൂപീകരിച്ചുകൊണ്ടുള്ള നടപടി ക്രമങ്ങളുടെ പകർപ്പും, ടി സമിതികളുടെ നാളിതു വരെയുള്ള പ്രവർത്തനം സംബന്ധിച്ച വിശദവിവരങ്ങളും എത്രയും അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. നിയമസഭാ സമിതിക്ക് സമയബന്ധിതമായി മറുപടി നൽകേണ്ടതിനാൽ ടി വിഷയം സംബന്ധിച്ച് അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ താങ്കൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. സൂചന (1) സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

Signed by
Riyaz M
Date: 12-07-2024 10:32:05

**RIYAZ. M**
**SENIOR ADMINISTRATIVE OFFICER**

ഉള്ളടക്കം: മേൽ പ്രസ്താവിച്ചതുപോലെ

പകർപ്പ്:

**1.**പ്രിൻസിപ്പാൾ
സർക്കാർ ദന്തൽ കോളേജ്,
തിരുവനന്തപുരം/ആലപ്പുഴ/ കോട്ടയം/ കോഴിക്കോട്/ തൃശൂർ/ കണ്ണൂർ.

**2.**പ്രിൻസിപ്പാൾ,
സർക്കാർ നഴ്സിംഗ് കോളേജ്,
തിരുവനന്തപുരം/ കൊല്ലം/ പത്തനംതിട്ട/ ഇടുക്കി/ കോട്ടയം/ആലപ്പുഴ/ എറണാകുളം/ മലപ്പുറം/ പാലക്കാട്/ തൃശൂർ/ കോഴിക്കോട്/ കണ്ണൂർ/ വയനാട് / കാസർഗോഡ്.

**3.**ഡയറക്ടർ,
ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി (ആർ ഐ ഒ),
തിരുവനന്തപുരം.

**4.** അസിസ്റ്റന്റ് പ്രൊഫസർ & മേധാവി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാ മെഡിക്കൽ സയൻസസ്, ശ്രീസ്ഥ കണ്ണൂർ

**നിയമസഭാസമിതി ശുപാർശ**

**ഓർമ്മക്കുറിപ്പ് 2**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ആരോഗ്യ കുടുംബക്ഷേമ(എൻ) വകുപ്പ്

നമ്പർ.HFW-N2/105/2023-Health 08-07-2024,തിരുവനന്തപുരം

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

The Director of Health Services, Thiruvananthapuram.
The Director of Medical Education, Thiruvananthapuram.
The Food Safety Commissioner, Thiruvananthapuram.
The Drugs Controller, Thiruvananthapuram.
The Project Director, eHealth, Thiruvananthapuram.
The Managing Director, Kerala Medical Services Corporation Ltd., Thiruvananthapuram.
The State Mission Director, National Health Mission, Thiruvananthapuram.
The Executive Director, State Health Agency, Thiruvananthapuram.
The Director, Regional Cancer Centre, Thiruvananthapuram.
Kalamassery Ernakulam, Pin 683505
The Secretary, Mental Health Authority, Thiruvananthapuram.
The Managing Director, Kerala Health Research and Welfare Society (KHRWS), Thiruvananthapuram.
The Registrar, Nursing Council, Thiruvananthapuram.
The Registrar, Pharmacy Council, Thiruvananthapuram.
The Registrar, Kerala State Medical Council (Travancore Cohin Medical Council), Thiruvananthapuram.
The Registrar, Kerala Dental Council, Thiruvananthapuram.
The Project Director, Kerala State AIDS Control Society, Thiruvananthapuram.
The Director, Indian Institute of Diabetes, Thiruvananthapuram.
The Director, Kerala State Institute of Health and Family Welfare, Thycaud, Thiruvananthapuram.

The Director, Radiation Safety, Thrissur.
The Secretary, Para Medical Council, Thiruvananthapuram

സർ,

വിഷയം:- ആരോഗ്യ കുടുബക്ഷേമ വകുപ്പ് - കേരള നിയമസഭ ഓദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2019-21) -വിവിധ വകുപ്പുകളിലെ വകുപ്പുതല ഓദ്യോഗിക ഭാഷാ സമിതികളുടെ പ്രവർത്തനം - സംബന്ധിച്ച്.

സൂചന:- 20.06.2023, 01.12.2023 തീയതികളിലെ ഇതേ നം.സർക്കാർ കത്തുകൾ

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം, സർക്കാർ ആവശ്യപ്പെട്ട റിപ്പോർട്ട് ഒരാഴ്ചയ്ക്കകം ലഭ്യമാക്കേണ്ടതാണ് എന്ന് അറിയിക്കുന്നു. നിയമസഭാ സമിതിയുടെ സജീവപരിഗണനയിലുള്ള വിഷയമായതിനാൽ ഇക്കാര്യത്തിൽ സമയപരിധി കർശനമായി പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
BINDU O
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
Nycy S
Date: 08-07-2024 16:50:19
സെക്ഷൻ ഓഫീസർ

<u>നിയമസഭാ സമിതി/അടിയന്തരം</u>

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ആരോഗ്യ കുടുംബക്ഷേമ (എൻ) വകുപ്പ്

നമ്പർ.HFW-N2/105/2023-Health 20-06-2023,തിരുവനന്തപുരം

പ്രേഷകൻ

പ്രിൻസിപ്പൽ സെക്രട്ടറി

സ്വീകർത്താവ്

The Director of Health Services, Thiruvananthapuram.
The Director of Medical Education, Thiruvananthapuram.
The Food Safety Commissioner, Thiruvananthapuram.
The Drugs Controller, Thiruvananthapuram.
The Project Director, eHealth, Thiruvananthapuram.
The Managing Director, Kerala Medical Services Corporation Ltd., Thiruvananthapuram.
The State Mission Director, National Health Mission, Thiruvananthapuram.
The Executive Director, State Health Agency, Thiruvananthapuram.
The Director, Regional Cancer Centre, Thiruvananthapuram.
The Director, Malabar Cancer Centre, Thalassery, Kannur.
The Director, Cochin Cancer Care and Research Centre, Kalamassery Ernakulam, Pin 683505
The Secretary, Mental Health Authority, Thiruvananthapuram.
The Secretary, Kerala State Council for Clinical Establishments, Thiruvananthapuram.
The Director, State Institute of Medical Education and Technology (SI- MET), Thiruvananthapuram.
The Managing Director, Kerala Health Research and Welfare Society (KHRWS), Thiruvananthapuram.
The Registrar, Kerala University of Health and Allied Sciences, Medical College (P.O), Thrissur, Pin 680596.
The Registrar, Nursing Council, Thiruvananthapuram.
The Registrar, Pharmacy Council, Thiruvananthapuram.
The Registrar, Kerala State Medical Council (Travancore Cohin Medical Council), Thiruvananthapuram.

The Registrar, Kerala Dental Council, Thiruvananthapuram.
The Director, Child Development Centre, Thiruvananthapuram.
The Project Director, Kerala State AIDS Control Society, Thiruvananthapuram.
The Project Director, Institute of Communicative and Cognitive Neuro, Sciences, Amritha, Pettah, Thiruvananthapuram.
The Director, Indian Institute of Diabetes, Thiruvananthapuram.
The Director, Institute of Mental Health and Neuro Sciences (IMHANS), Kuthiravattom, Kozhikode, Pin 673016.
The Director, Kerala State Institute of Health and Family Welfare, Thycaud, Thiruvananthapuram.
The Executive Director, State Health Systems Resource Centre, Thiruvananthapuram.
The Director, Radiation Safety, Thrissur.
The Secretary, Para Medical Council, Thiruvananthapuram

സർ,

വിഷയം:- ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരള നിയമസഭയുടെ ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2019-21) -വിവിധ വകുപ്പുകളിലെ വകുപ്പുതല ഔദ്യോഗിക ഭാഷാ സമിതികളുടെ പ്രവർത്തനം - വിശദാംശങ്ങൾ - സംബന്ധിച്ച്.

സൂചന:- 1. 12.12.2014 ലെ സ.ഉ(കൈ.) 42/2014/ഉ.ഭ.പ.വ. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

2. നിയമസഭാ സെക്രട്ടറിയുടെ 28.11.2022 ലെ 587/ഔ.ഭാ.സ.2/2015/നി.സെ. നം.കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന 1 സർക്കാർ ഉത്തരവ് പ്രകാരം എല്ലാ വകുപ്പുകളിലും, വകുപ്പുതല മേധാവി അദ്ധ്യക്ഷനായുള്ള 'ഔദ്യോഗിക ഭാഷ സംബന്ധിച്ച വകുപ്പുതല ഏകോപന സമിതിയും', വകുപ്പിലെ ജില്ലാതല മേധാവി അദ്ധ്യക്ഷനായുള്ള 'ജില്ലാതല ഔദ്യോഗിക ഭാഷാ സമിതിയും' രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതു പ്രകാരം താങ്കളുടെ വകുപ്പിൽ, പ്രസ്തുത സമിതികൾ രൂപീകരിച്ചുകൊണ്ടുള്ള നടപടി ക്രമങ്ങളുടെ പകർപ്പും, ടി സമിതികളുടെ നാളിതു വരെയുള്ള പ്രവർത്തനം സംബന്ധിച്ച വിശദവിവരങ്ങളും എത്രയും വേഗം സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്. നിയമസഭാ സമിതിക്ക് സമയബന്ധിതമായി മറുപടി നൽകേണ്ടതിനാൽ, ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
ബി സുരേന്ദ്രൻ പിള്ള
അഡിഷണൽ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കു വേണ്ടി

അംഗീകാരത്തോടെ
Signed by
Sonia James
Date: 20-06-2023 11:18:49

സെക്ഷൻ ഓഫീസർ.

# കേരളസർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ)വകുപ്പ് - ഔദ്യോഗിക ഭാഷ മലയാളം- നിലവിലുള്ള ജില്ലാതല/താലൂക്കുതല ഔദ്യോഗിക ഭാഷാ സമിതികൾ നിർത്തലാക്കി പുതിയ സമിതികൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്**

**സ.ഉ.(കൈയെഴുത്ത്) നം.42/2014/ഉഭപവ. തിരുവനന്തപുരം, തീയതി 12.12.2014.**

=================================================================

പരാമർശം: 1) 12.01.88 ലെ സ.ഉ(കൈ)നം.4/88/ഉഭപവ
2) 9.12.88 ലെ സ.ഉ(കൈ)നം.52/88/ഉഭപവ
3) 09.07.2012 ലെ സ.ഉ(കൈ)നം.34/2012/ഉഭപവ
4) 25.03.14 ലെ സ.ഉ(കൈ)നം.09/2014/ഉഭപവ.

## ഉത്തരവ്

മലയാളം കേരള സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷയാക്കുന്നത് സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുന്നതിനും മറ്റുമായി വിവിധ ഔദ്യോഗിക ഭാഷാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ബഹു.മുഖ്യമന്ത്രി അധ്യക്ഷനായ ഔദ്യോഗികഭാഷാ ഉന്നതതല സമിതി, ചീഫ് സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല ഔദ്യോഗിക ഭാഷാ സമിതി, വകുപ്പുതല മേധാവി അധ്യക്ഷനായ വകുപ്പുതല ഔദ്യോഗിക ഭാഷാ സമിതി, ജില്ലാ കളക്ടർ അധ്യക്ഷനായ ജില്ലാതല ഔദ്യോഗിക ഭാഷാ സമിതി, തഹസീൽദാർ അധ്യക്ഷനായ താലൂക്കുതല ഔദ്യോഗിക ഭാഷാ സമിതി എന്നിവയാണ് രൂപീകരിച്ചിരുന്നത്. ഈ സമിതികൾ യഥാക്രമം ആറു മാസം, നാലു മാസം, മൂന്നു മാസം, മൂന്നു മാസം, രണ്ടു മാസം കൂടുമ്പോൾ യോഗം ചേരണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. ഈ സമിതികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സമിതികളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും മലയാളം സംസ്ഥാനത്തെ ഔദ്യോഗിക ഭാഷയാക്കുകയെന്ന ലക്ഷ്യം എത്രയും വേഗം കൈവരിക്കുന്നതിനും നിലവിലുള്ള വകുപ്പുതല, ജില്ലാതല, താലൂക്കുതല സമിതികൾക്കു പകരം പുതിയ സമിതികളുടെ രൂപീകരണമോ നിലവിലുള്ള സമിതികളുടെ പുനസംഘടനയോ കൂടുതൽ ഗുണകരവും കൂടുതൽ ഫലപ്രദവുമാവുമെന്ന് കാണുകയുണ്ടായി. അതിനെ തുടർന്ന് പരാമർശം 4 ലെ സർക്കാർ ഉത്തരവ് പ്രകാരം ഓരോ വകുപ്പിന്റേയും സെക്രട്ടറി അധ്യക്ഷനായി വകുപ്പ്തല ഔദ്യോഗികഭാഷാ സമിതി പുനസംഘടിപ്പിച്ചു കഴിഞ്ഞു.

ജില്ലാ കളക്ടർ അധ്യക്ഷനായി നിലവിലുള്ള ജില്ലാതല ഔദ്യോഗിക ഭാഷാ സമിതികളുടെയും തഹസീൽദാർ അധ്യക്ഷനായി നിലവിലുള്ള താലൂക്കുതല ഔദ്യോഗിക ഭാഷാ സമിതികളുടെയും പ്രവർത്തനം സർക്കാർ വിഭാവനം ചെയ്ത രീതിയിൽ കാര്യക്ഷമമായി നടക്കുന്നില്ലെന്നും റവന്യൂ വകുപ്പ് അധികാരികളായ



Generated from eOffice by ASWATHY P, SN-ASST (N2) HEALTH, SN-ASST (N2) HEALTH, H&FWD on 29/04/2023 11:56 AM

ജില്ലാ കളക്ടർമാരുടെയും തഹസീൽദാർമാരുടെയും ഔദ്യോഗിക തിരക്കുകൾ ഇതിന് പ്രധാന കാരണമാവുന്നുണ്ടെന്നും സർക്കാർ വിലയിരുത്തി.

മേൽ സാഹചര്യങ്ങളിൽ മലയാളം പൂർണ്ണമായി ഭരണഭാഷയാക്കുന്നത് സംബന്ധിച്ച ഭാഷാമാറ്റ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും പുരോഗതി അവലോകനം ചെയ്യുന്നതിനുമായി ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കാത്ത ജില്ലാ കളക്ടർ അധ്യക്ഷനായ ജില്ലാതല ഔദ്യോഗിക ഭാഷാ സമിതികളുടെയും തഹസീൽദാർ അധ്യക്ഷനായ താലൂക്കുതല ഔദ്യോഗിക ഭാഷാ സമിതികളുടെയും പ്രവർത്തനം അവസാനിപ്പിച്ചുകൊണ്ടും താഴെ പറയുന്ന പുതിയ ഔദ്യോഗിക ഭാഷാ സമിതികൾ രൂപീകരിക്കാൻ നിർദ്ദേശിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| സമിതിയുടെ പേര് | അംഗങ്ങൾ | യോഗം ചേരേണ്ട സമയക്രമം |
|---|---|---|
| ഔദ്യോഗിക ഭാഷ സംബന്ധിച്ച വകുപ്പുതല ഏകോപന സമിതി | വകുപ്പുതല മേധാവി-അധ്യക്ഷൻ<br><br>വകുപ്പിലെ മേഖലാ, ജില്ലാതല മേധാവികൾ -അംഗങ്ങൾ<br><br>അധ്യക്ഷന് തൊട്ടു താഴെയുള്ള ഉദ്യോഗസ്ഥൻ -കൺവീനർ | എല്ലാ വർഷവും ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ മാസങ്ങളിൽ |
| ജില്ലാതല ഔദ്യോഗിക ഭാഷാ സമിതി | വകുപ്പിലെ ജില്ലാതല മേധാവി -അധ്യക്ഷൻ<br><br>വകുപ്പിന്റെ ജില്ലയിലെ മറ്റ് കീഴ് ഓഫീസ് തലവന്മാർ - അംഗങ്ങൾ<br><br>ജില്ലാ ഓഫീസിലെ ജില്ലാ മേധാവികളുടെ തൊട്ടു താഴെയുള്ള ഉദ്യോഗസ്ഥൻ -കൺവീനർ | എല്ലാവർഷവും ജനുവരി, മാർച്ച്, മെയ്, ജൂലൈ, സെപ്റ്റംബർ, നവംബർ മാസങ്ങളിൽ |

ഏതെങ്കിലും വകുപ്പിന് ജില്ലയിൽ ഒരു ഓഫീസ് മാത്രമാണുള്ളതെങ്കിൽ ഓഫീസ് തലവന്റെ അധ്യക്ഷതയിൽ ആ ഓഫീസിലെ ജീവനക്കാരെയും ഏതെങ്കിലും വകുപ്പിന് ജില്ലയിൽ ഒന്നിൽ കൂടുതൽ ജില്ലാ ഓഫീസർമാരുണ്ടെങ്കിൽ ഓരോ ഓഫീസറുടെയും അധ്യക്ഷതയിൽ അവരവരുടെ അധികാര പരിധിയിലുള്ള ഓഫീസുകളുടെ മേധാവികളെയും പങ്കെടുപ്പിച്ച് മേൽപ്പറഞ്ഞ സമയക്രമ പ്രകാരം ഓരോ വർഷവും യോഗം ചേരേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം ആയത് ബന്ധപ്പെട്ട വകുപ്പ് മേധാവിയെ അറിയിക്കേണ്ടതും വകുപ്പ് മേധാവി ഔദ്യോഗികഭാഷാ വകുപ്പുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.



Generated from eOffice by ASWATHY P, SN-ASST (N2) HEALTH, SN-ASST (N2) HEALTH, H&FWD on 29/04/2023 11:56 AM

ഔദ്യോഗികഭാഷാ നിയമം സംബന്ധിച്ചുള്ള സംശയനിവാരണത്തിനായി ഔദ്യോഗികഭാഷാ വകുപ്പിന്റെ പ്രതിനിധിക്കു ഔദ്യോഗികഭാഷ സംബന്ധിച്ച വകുപ്പുതല ഏകോപന സമിതിയോഗത്തിൽ മുന്നറിയിപ്പോടുകൂടിയോ അല്ലാതെയോ പങ്കെടുക്കാവുന്നതാണ്. അതിനായി യോഗതീയതി ഒരാഴ്ച മുമ്പെങ്കിലും ഔദ്യോഗികഭാഷാ വകുപ്പിനെ നിർബന്ധമായും അറിയിക്കേണ്ടതാണ്.

ഔദ്യോഗികഭാഷ സംബന്ധിച്ച വകുപ്പുതല ഏകോപന സമിതി യോഗനടപടിക്കുറിപ്പ് യോഗം നടന്ന് ഒരാഴ്ചക്കുള്ളിൽ ഔദ്യോഗികഭാഷാ വകുപ്പ് സെക്രട്ടറിക്കും അതത് വകുപ്പ് സെക്രട്ടറിക്കും നിർബന്ധമായും നൽകേണ്ടതാണ്. ഔദ്യോഗികഭാഷ സംബന്ധിച്ച വകുപ്പുതല ഏകോപന സമിതിയിൽ ഉന്നയിക്കപ്പെടുന്നതും പരിഹാരം കാണേണ്ടതുമായ വിഷയങ്ങൾ വകുപ്പ് സെക്രട്ടറി അധ്യക്ഷനായ വകുപ്പുതല ഔദ്യോഗികഭാഷാ സമിതി യോഗത്തിൽ ചർച്ച ചെയ്ത് പരിഹാരം കാണേണ്ടതാണ്.

ജില്ലാതല ഔദ്യോഗികഭാഷാ സമിതിയോഗ നടപടിക്കുറിപ്പ് യോഗം നടന്ന് ഒരാഴ്ചക്കകം ഔദ്യോഗികഭാഷാ വകുപ്പ് സെക്രട്ടറിക്കും വകുപ്പുതല മേധാവിക്കും നിർബന്ധമായും നൽകേണ്ടതാണ്. ജില്ലാതല ഔദ്യോഗികഭാഷാ സമിതിയിൽ ഉന്നയിക്കപ്പെടുന്നതും പരിഹാരം കാണേണ്ടതുമായ വിഷയങ്ങൾ വകുപ്പുതല മേധാവി അധ്യക്ഷനായ ഔദ്യോഗികഭാഷ സംബന്ധിച്ച വകുപ്പുതല ഏകോപനസമിതിയിൽ ചർച്ച ചെയ്ത് പരിഹാരം കാണേണ്ടതാണ്.

യോഗം യഥാസമയം വിളിച്ചുകൂട്ടേണ്ടതായ ഉത്തരവാദിത്വം യോഗ കൺവീനറിൽ നിക്ഷിപ്തമാണ്. യോഗം ചേരുന്നത് സംബന്ധിച്ച അറിയിപ്പ് പത്ത് പ്രവർത്തി ദിവസം മുമ്പെങ്കിലും അംഗങ്ങൾക്ക് നൽകേണ്ടതും ഓരോ അംഗവും യോഗനോട്ടീസ് കൈപ്പറ്റിയിട്ടുണ്ടെന്ന് യോഗ കൺവീനർ ഉറപ്പാക്കേണ്ടതുമാണ്.

യോഗത്തിൽ പങ്കെടുക്കാത്ത അംഗങ്ങളുടെ വിശദീകരണം വാങ്ങി അവർക്കെതിരെ യോഗാധ്യക്ഷൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഈ ഉത്തരവിന് അടിയന്തര പ്രാബല്യമുണ്ടായിരിക്കുന്നതാണ് എന്നാൽ ഈ ഉത്തരവിന് മുൻപ് നിലനിന്നിരുന്ന സമിതി യോഗങ്ങളുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ തുടരേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ. സുരേഷ് കുമാർ**
**സെക്രട്ടറി**

ചെയർമാൻ, ഔദ്യോഗികഭാഷ സംബന്ധിച്ച നിയമസഭാ സമിതി
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ അഡീഷണൽ
ചീഫ് സെക്രട്ടിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/
സ്പെഷ്യൽ സെക്രട്ടറിമാർ
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
നിയമസഭാ സെക്രട്ടറി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
വകുപ്പുതല മേധാവികൾ
ജില്ലാ കളക്ടർമാർ
എല്ലാ വകുപ്പുകളുടേയും ജില്ലാതല/മേഖലാതല ഓഫീസർമാർ (വകുപ്പ് മേധാവി മുഖേന)
തഹസിൽദാർമാർ
വെബ് & ന്യൂമീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ



Generated from eOffice by ASWATHY P, SN-ASST (N2) HEALTH, SN-ASST (N2) HEALTH, H&FWD on 29/04/2023 11:56 AM